Anglo-Indians in the Police Department.

*7. [7] **Shri A. A. D. Luiz :** Will the Minister for Home Affairs be pleased to state :

(*a*) the total number of Anglo-Indians now employed in the Police Department ;

(*b*) have any been entertained in this Department after the integration of the Travancore and Cochin States ?

Minister for Home Affairs **(Shri T. M. Varghese):**

(*a*) 12 ;

(*b*) Nil.

Shri A. A. D. Luiz : Is there any record to show reasons why none has been entertained after the integration of the two States ?

Shri T. M. Varghese : There must be records from which the reasons may be gathered. The records, if any, are not in my possession.

Shri A. A. D. Luiz : Have not some requests have been turned down for want of proper qualifications ?

Shri T. M. Varghese : lack of prescribed qualifications may be one of the reasons for rejecting the applications. Specific reasons applicable to individual cases cannot be given without previous notice.

മരച്ചീനി.

*൭. [൭] ശ്രീ. പി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ഒരു പ്രധാനപ്പെട്ട ആഹാരസാധനമായ മരച്ചീനി പല സ്ഥലങ്ങളിലും ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തു് ആകെ എത്ര മരച്ചീനി ന്യായവില ഡിപ്പോ ഇതിനകം സ്ഥാപിച്ചിട്ടുണ്ടു്, എവിടെയെല്ലാം;

(സി) തിരുവനന്തപുരം താലൂക്കിൽപ്പെട്ട കണിയാപുരം, കഠിനംകുളം, മുതുക്കുംപുഴ, വർക്കല കയർവ്യവസായ കേന്ദ്രങ്ങളിൽ മരച്ചീനി ന്യായവില ഡിപ്പോകൾ തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) മരച്ചീനി ചില സ്ഥലങ്ങളിൽ ലഭിക്കുന്നില്ലെന്നും ലഭിക്കുന്നെങ്കിൽ തന്നെ അധികം വിലയ്ക്കാണു് കിട്ടുന്നതെന്നും ഉള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly